13. സബ് ചാനലുകളിലെ തടസ്സം നീക്കൽ

ശ്രീ. എ. റ്റി. ജോർജ് : സർ, നെയ്യാർ ജലസംഭരണിയിൽ നിന്നുള്ള സബ് ചാനലുകളിലെ തടസ്സങ്ങൾ നീക്കി കൃഷിക്കും കുടിവെള്ളത്തിനും ജലം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. നെയ്യാർ ഡാം 1958-ലാണ് കമ്മീഷൻ ചെയ്തത്. അന്ന് 106 മില്ല്യൺ ക്യൂബിക് മീറ്റർ കപ്പാസിറ്റി ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് ചെളിയും മറ്റും അടിഞ്ഞ് ഏകദേശം 70 മില്ല്യൺ ക്യൂബിക് മീറ്ററായി കുറഞ്ഞിരിക്കുകയാണ്. നെയ്യാർ ഡാമിൽ നിന്നാരംഭിക്കുന്ന പ്രധാന ചാനലുകളിലൂടെയും സബ് ചാനലുകളിലൂടെയും ലഭിക്കുന്ന ജലം ഉപയോഗിച്ചാണ് നെയ്യാറ്റിൻകര, കാട്ടാക്കട പ്രദേശങ്ങളിലെ ഏകദേശം മുപ്പതോളം പഞ്ചായത്തുകളിൽ കർഷകർ പച്ചക്കറി, വാഴ തുടങ്ങിയ കൃഷികൾ ചെയ്തിരുന്നത്. പക്ഷെ ഇന്ന് പ്രധാന ചാനലുകളും സബ് ചാനലുകളുമൊക്കെ അടഞ്ഞുകിടക്കുന്നതിനാൽ കൃഷിക്കാർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ആയതിനാൽ ടി സബ് ചാനലുകളിലെ തടസ്സങ്ങൾ നീക്കി കൃഷിക്കും മറ്റാവശ്യങ്ങൾക്കുമായി ജലം ഉപയോഗിക്കുന്നതിനുവേണ്ട നടപടികൾ വളരെ അടിയന്തരമായി ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, കനാലിന്റെ പല ഭാഗങ്ങളിലും മണ്ണും കാടും നിറഞ്ഞുനിൽക്കുന്നതുകാരണം കനാലുകളുടെ ഏറ്റവും അവസാനഭാഗങ്ങളിൽ വെള്ളമെത്തുന്നില്ല. ജനങ്ങൾ പല ഭാഗങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നതും ജലസേചനത്തിന് തടസ്സമായി നിൽക്കുന്നു. പഞ്ചായത്തിന്റെയും പി.ഡബ്ല്യു.ഡി.-യുടെയും കോർപ്പറേഷന്റെയും ഓടകൾ കനാലിലേയ്ക്ക് വന്നു ചേരുന്നതും തടസ്സമാകുന്നുണ്ട്. 2014-15-ലെ ആക്ഷൻ പ്ലാനിൽ വലതുകര മെയിൻ കനാലിന്റെയും ഇടതുകര മെയിൻ കനാലിന്റെയും 10 കിലോമീറ്റർ നീളത്തിലും ചില ബ്രാഞ്ച് കനാലുകളുടെ മണ്ണും കാടും വൃത്തിയാക്കാനുള്ള പ്രവൃത്തികളും ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ പണികൾ നടന്നുവരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ നെയ്യാർ ഇറിഗേഷൻ പ്രോജക്ട് കനാലുകളുടെ മെയിന്റിനൻസിനായി 506 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഈ വർഷത്തെ ആക്ഷൻ പ്ലാനിൽ അത്യാവശ്യഭാഗങ്ങളിലെ മണ്ണും കാടും വൃത്തിയാക്കാനുള്ള പണികൾ ഉൾപ്പെടുത്തുന്നുണ്ട്. കൊല്ലങ്കോട് ബ്രാഞ്ച് കനാലിന്റെ രണ്ടാം കിലോമീറ്ററും ഇടതുകര മെയിൻ കനാലിന്റെ പതിനഞ്ചാം കിലോമീറ്ററിന് സമീപവും ജൂൺ മാസത്തെ കനത്ത മഴയിൽ മണ്ണിടിഞ്ഞുവീണ് ജലവിതരണം തടസ്സപ്പെട്ടതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് മണ്ണ് നീക്കം ചെയ്ത് ജലവിതരണം സുഗമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചില കനാലുകളിലെ ചെളി നീക്കം ചെയ്യലും കാട് വെട്ടിത്തെളിക്കലുമൊക്കെ നടത്തിവരുന്നു.

14. ഭരണാനുമതി

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ചീമേനി ഡാം പദ്ധതിയിലെ സുപ്രധാന നിർദ്ദേശങ്ങളാണ് കാനത്തോട്, നെല്ലായിക്കടവ് ഇറിഗേഷൻ റെഗുലേറ്റർ-കം-ബ്രിഡ്ജുകൾ. ഈ രണ്ട് പദ്ധതികൾക്കും ഭരണാനുമതി ലഭിക്കുകയും തുടർ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് റിവൈസ്ഡ് ഭരണാനുമതിക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ രണ്ട് റഗുലേറ്റർ-കം-ബ്രിഡ്ജുകൾക്കും പുതുക്കിയ ഭരണാനുമതി നൽകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, 2-11-2009-ലെ സർക്കാർ ഉത്തരവുപ്രകാരം കാനത്തോട് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി 4.3 കോടി രൂപയുള്ള ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി വർക്കിനുവേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിച്ചത് ഇൻവെസ്റ്റിഗേഷന് മുമ്പുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ്. ടി വർക്കിന് ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഐ.ഡി.ആർ.ബി. ഡിസൈൻ അനുസരിച്ച് 2015-ലെ എസ്.ഒ. പ്രകാരം 13 കോടി രൂപയുടെ പുതിയ പ്രൊപ്പോസൽ 13-8-2012-ൽ സർക്കാരിന് ലഭിക്കുകയുണ്ടായി. എന്നാൽ 2-11-2009-ൽ ലഭിച്ച ഭരണാനുമതിയുടെ കാലാവധി തീർന്നതിനാൽ അനുമതി നൽകിയില്ല. പിന്നീട് ഡി.എസ്.ആർ. 13 പ്രകാരം സിവിൽ വർക്കിനുള്ള 17 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും മെക്കാനിക്കൽ പാർട്ടിന്റെ എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല. ഇപ്പോൾ പുതിയ കോസ്റ്റ് ഇൻഡക്സ് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു ; ഏകദേശം 23 കോടിരൂപ ആകുമെന്ന് പ്രതീക്ഷിക്കുന്നു. ടി എസ്റ്റിമേറ്റ് ലഭിച്ചതിനുശേഷം പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. നെല്ലായിക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജിനുവേണ്ടി വിശദമായ പര്യവേഷണവും രൂപകൽപ്പനയും പൂർത്തിയാക്കി നിലവിലുള്ള ഡി.എസ്.ആർ. പ്രകാരം 15 കോടി രൂപയുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly